(ഡി, ഇ) വിപുലീകരണത്തിനു് ആകെ 54.97 ലക്ഷം ഉറുപ്പിക ചെലവു വരുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൽ 29.20 ലക്ഷം ഉറുപ്പിക ഗവണ്മെന്റിൽ നിന്നു് കടമായും ഷെയർ ക്യാപ്പിറലായും കൊടുക്കാനും ബാക്കി തുക കെ. എഫ്. സി. യിൽ നിന്നും വേറെ ചെറുകിട വായ്പകളും വഴിയായും ശേഖരിക്കാനാണു് നിർദ്ദേശിച്ചിരിക്കുന്നതു്.

വ്യവസായസ്ഥാപനങ്ങൾക്കു് ഗവണ്മെന്റിൽ നിന്നും ബാങ്കു് ഗ്യാരന്റി

104. [285] ശ്രീ. കെ. എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും വ്യവസായസ്ഥാപനത്തിനു് ഗവണ്മെന്റിൽനിന്നും ബാങ്കു് ഗ്യാരന്റി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവ ഏതെല്ലാം, ഓരോന്നിനും ഗ്യാരന്റിതുക എത്ര വീതം ;

(സി) അതിലേക്കു പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ എന്നുമുതലാണു് ഗവണ്മെന്റിലേക്കു നൽകിയിട്ടുള്ളതു് ;

(ഡി) ഇപ്രകാരം ഉറപ്പുനൽകിയതിൽ ഏതെങ്കിലും വ്യവസായ സ്ഥാപനത്തിനു് വ്യവസായ വകുപ്പു് സ്റ്റാമ്പു് ഡ്യൂട്ടി ഇളവുചെയ്തു കൊടുത്തിട്ടുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസു്) :

(എ) ഉണ്ടു്.

(ബി, സി) വിവരങ്ങൾ അടങ്ങിയ ലിസ്റ്റു് മേശപ്പുറത്തു് വച്ചിട്ടുണ്ടു്. *

(ഡി) ഉണ്ടു്. ആലപ്പുഴയിലെ മെസ്സേഴ്സു് വി. ഒ. വക്കൻ ആൻഡു് സൺസു് എന്ന സ്ഥാപനത്തിനു്.

കയർ വ്യവസായ വികസനപദ്ധതി

105. [286] ശ്രീ.പി.കെ. ഗോപാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായ വികസനത്തിനു് ഏതെല്ലാം പ്രോജക്ടുകൾ ഈ വർഷത്തിൽ ആരംഭിച്ചിട്ടുണ്ടു് ;

(ബി) ഓരോ പ്രോജക്ടിനും ഈ വർഷത്തേയ്ക്കു് നീക്കിവച്ചിട്ടുള്ള തുക എത്ര ;

(സി) അടിയന്തിരമായി തൊണ്ടുവില നിയന്ത്രിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാനാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു് ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസു്) :

(എ) ആരംഭിച്ചിട്ടില്ല.

(ബി) പ്രത്യേകം ഒന്നും നീക്കി വെച്ചിട്ടില്ല.

(സി) ഓരോ പ്രോജക്ടുമേഖലയിലും തൊണ്ടുവില നിർണ്ണയിക്കുന്നതിനു വേണ്ടി അനൗദ്യോഗിക കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ടു്. ടി കമ്മിറ്റികളുടെ നിർദ്ദേശങ്ങളും സംസ്ഥാന കയർ ഉപദേശകസമിതി പരിഗണിച്ചശേഷം തൊണ്ടുവില നിയന്ത്രണനിയമം അനുസരിച്ചു് വില നിശ്ചയിക്കുന്നതാണു്.

* Appendix I.

LIBRARY ARCHIVES Kerala Legislative Assembly